# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 596

12.06.2012-ൽ മറുപടിക്ക്.

## കുറ്റ്യാടി നാളികേര പാർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.കെ. ലതിക | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) കുറ്റ്യാടി നാളികേര പാർക്ക് ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) കുറ്റ്യാടി നാളികേര പാർക്കിന്റെ വികസനത്തിനായി കുറ്റ്യാടി കോക്കനട്ട് ഇൻഡസ്ട്രീയൽ പാർക്ക് ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത പാർക്കിനു വേണ്ടി സ്ഥലമെടുപ്പ് പൂർത്തിയാക്കിയോ എന്നും മാസ്റ്റർ പ്ലാൻ അംഗീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ;<br>(സി) എങ്കിൽ മാസ്റ്റർ പ്ലാൻ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ.? | (ബി)&(സി) കെ.എസ്.ഐ.ഡി.സി 115 ഏക്കർ സ്ഥലം പാർക്കിനായി ഏറ്റെടുത്തിട്ടുണ്ട്. ടെക്നോളജി ഡെമോൺസ്ട്രേഷൻ/ ഇൻകുബേഷൻ സെന്റർ തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികളെ സംബന്ധിച്ചുള്ള റിപ്പോർട്ട് തയ്യാറാക്കുന്നതിനായി M/S മഹീന്ദ്ര കൺസൾട്ടിംഗ് എഞ്ചീനീയറിംഗ് ലിമിറ്റഡ്, ചെന്നൈ എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ടിന്റെ കരട് രൂപം മഹീന്ദ്ര കൺസൾട്ടിംഗ് എഞ്ചിനീയറിംഗ് ലിമിറ്റഡ് സമർപ്പിച്ചിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കുന്നതിനോടൊപ്പം പദ്ധതിയ്ക്കുള്ള മാസ്റ്റർ പ്ലാനും തയ്യാറാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ